പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4528 18.05.2017 ലെ മറുപടിക്ക്

## കയർ ഉല്പന്നങ്ങളുടെ വില വ്യതിയാന സ്ഥിരതാ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീമതി. യു.പ്രതിഭ ഹരി<br>ശ്രീ.വി. ജോയി<br>,, എം. മുകേഷ് | ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ ഉല്പന്നങ്ങളുടെയും ചകിരിയുടെയും വിലകളിലുണ്ടാകുന്ന വ്യതിയാനം പരിഹരിക്കുന്നതിന് വില വ്യതിയാന സ്ഥിരതാ ഫണ്ട് നിലവിലുണ്ടോ; | എ) ഉണ്ട് |
| ബി) ഉല്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും ഇവ കമ്പോള വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഇതിൻ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉത്പന്നങ്ങളുടെ ചെലവിനനുസൃതമായ ന്യായ വിലക്ക് സംഘങ്ങളിൽ നിന്നും ഉത്പന്ന ങ്ങൾ സംഭരിച്ചു കമ്പോള വിലക്ക് വിൽക്ക മ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് വില വ്യതിയാന സ്ഥിരത ഫണ്ടിൽ നിന്നും തുക അനുവദിച്ചു വരുന്നു |
| സി)കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പക്സ് സംഘടനകൾ എന്നിവയ്ക്ക് എന്തെല്ലാം പ്രത്യക്ഷ ഗുണങ്ങളാണ് ഇതു മൂലം ലഭ്യമാകുന്നത്; | സി)കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപ്പക്സ് സംഘടന കൾ എന്നിവയ്ക്ക് ഇതുമൂലം അവരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭിക്കുന്നു. കയർ തൊഴിലാളികൾക്ക് പരമാവധി ദിവസങ്ങളിൽ ജോലിയും കൂലിയും ലഭിക്കുന്നു. |
| ഡി) എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃത കൂലി ഉറപ്പാക്കിക്കൊണ്ട് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധ്യമാകുമോ? | ഡി)എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃത കൂലി ഉറപ്പാക്കിക്കൊണ്ട് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന തിനുള്ള |

| | |
|---|---|
| | നടപടികൾ സ്വീകരിച്ചു വരുന്നു.<br>ചകിരി ഉത്പാദനം വ്യാപിക്കുന്നതിനു ഡി എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട് .<br>കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട് . കയർ ജിയോ ടെസ്റ്റിൽസ് കൃഷി- ജല- മണ്ണ്- സംരക്ഷണ ,റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ